(ഡി) സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങൾ അനുഭവിക്കുന്ന ഏതെങ്കിലും പ്രശ്നത്തെ സംബന്ധിച്ച് കമ്മീഷൻ കേന്ദ്ര ഗവൺമെന്റിന് ശിപാർശ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങൾ അനുഭവിക്കുന്ന ഏതെല്ലാം പ്രശ്നങ്ങളെ സംബന്ധിച്ച് സംസ്ഥാന സർക്കാർ കമ്മീഷനോട് വിശദീകരണം നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ജനസംഖ്യാനുപാതത്തിൽ പട്ടികജാതി വിഭാഗത്തിന്റെ സംവരണത്തോത് 8%-ൽ നിന്നും 9%-മാക്കി വർദ്ധിപ്പിക്കുക, സർക്കാരിൽനിന്നും ഗ്രാന്റ് ലഭിക്കുന്ന എയിഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിയമനത്തിൽ സംവരണം നടപ്പാക്കുക, സംവരണത്തെ സംബന്ധിച്ച് നയപരമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പ്രൊമോഷനുകളിൽ സംവരണം നടപ്പിലാക്കുക, സ്വകാര്യമേഖലയിലും സംവരണം ഏർപ്പെടുത്തുക, സംസ്ഥാനത്ത് കടിയേറി പാർക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് 'സാക്ഷ്യപത്രം' നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക, പോസ്റ്റ് 'മെട്രിക്, പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക തുടങ്ങിയ ശിപാർശകളാണ് പൊതുവിൽ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത്.

(സി) പരിശോധിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കമ്മീഷൻ പ്രത്യേക വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല.

മുഖാരി-മുഹരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്

274 (982) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മുഖാരി-മുഹരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി വർഷങ്ങളായി ആവശ്യപ്പെട്ടിട്ടും പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഇവരെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്താൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഒരു സമുദായത്തെ സംസ്ഥാനത്തെ മറ്റ് പിന്നോക്ക വിഭഗങ്ങളുടെ പട്ടിക (ഒ.ബി.സി. ലിസ്റ്റ്)-യിൽ ഉൾപ്പെടുത്തുന്നത് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ്. കിർത്താഡ്സിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെളിവെടുപ്പുൾപ്പെടെ വിശദമായ പഠനം നടത്തിയാണ് ഒരു സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താൻ അർഹതയുള്ളതാണോ അല്ലയോ എന്ന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ കണ്ടെത്തുന്നത്. മുഖാരി-മുഹരി സമുദായത്തെക്കുറിച്ച് കിർത്താഡ്സ് പഠനം നടത്തി വരികയാണ്. കിർത്താഡ്സിന്റെ പഠന റിപ്പോർട്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന് ലഭ്യമാകുന്ന മുറയ്ക്ക് കമ്മീഷൻ അത് പരിശോധിച്ച് സർക്കാരിന് ഉപദേശം നൽകുന്നതാണ്. കമ്മീഷന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ മുഖാരി-മുഹരി സമുദായത്തെ സംസ്ഥാനത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

ചേലക്കര മണ്ഡലത്തിലെ തിരുവില്വാമല മോഡൽ റസിഡൻഷ്യൽ സ്കൂളിന് ഭൂമി

275 (983) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലെ തിരുവില്വാമല മോഡൽ റസിഡൻഷ്യൽ സ്കൂളിന് ഭൂമി അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത ഭൂമി റവന്യൂ വകുപ്പിൽനിന്നും പട്ടികജാതി വികസന വകുപ്പിന് കൈമാറ്റം ചെയ്തു കിട്ടുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ഡി) മോഡൽ റസിഡൻഷ്യൽ സ്കൂളിന് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ഈ വർഷം തന്നെ ആരംഭിക്കുന്നതിനുവേണ്ടി പ്രസ്തുത ഭൂമി എത്രയുംവേഗം കൈമാറ്റം ചെയ്തുകിട്ടാൻ നടപടികൾ സ്വീകരിക്കുമോ ?